**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3276** **08.11.2019 ലെ മറുപടിക്ക്**

**ആർ.സി.ഇ.പി കരാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.വി.എസ് സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| (എ) ആർ.സി.ഇ.പി കരാർ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പരിമിതികൾ എന്തെല്ലാമാണ്; | (എ) പരിഗണനയ്ക്ക് വരുന്ന വിഷയങ്ങളെ സംബന്ധിച്ചോ ചർച്ചയുടെ വിശദാംശങ്ങളെപ്പറ്റിയോ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളെ അറിയിക്കുന്നില്ല. |
| (ബി) സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ? | (ബി) 2016-ൽ തന്നെ ആർ.സി.ഇ.പി കരാർ സംബന്ധിച്ച ആശങ്കകൾ ഈ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്നും, ചർച്ചകളിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്തണമെന്നും ചർച്ചകളുടെ വിശദാംശങ്ങൾ സംസ്ഥാനത്തെ കൂടി അറിയിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. 30.10.2019 ൽ കേരള നിയമസഭ ആർ.സി.ഇ.പി കരാർ സംബന്ധിച്ച് ചർച്ച ചെയ്യുകയും കേന്ദ്ര സർക്കാർ ഈ കരാറിൽ നിന്നും പിൻവാങ്ങണമെന്ന പ്രമേയം ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തു. |

**ഡെപ്യൂട്ടി സെക്രട്ടറി**